# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08.12.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കുന്ന ശക്തിയായി ജനങ്ങൾ മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Narendra Modi call upon citizens to become the force behind the country's march towards the target of Viksit Bharat by 2047.**

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ മൂന്ന് ദിവസത്തെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കം.

   **Defense Minister Rajnath Singh's three-day visit to Russia begins today.**

3. ആർച്ച് ബിഷപ്പ് മാർ ജോർജ് കൂവക്കാട്ടിൽ റോമൻ കത്തോലിക്കാ സഭയുടെ കർദിനാളായി സ്ഥാനമേറ്റു. സ്ഥാനാരോഹണം ഇന്ത്യയ്ക്ക് അഭിമാനമെന്ന് പ്രധാനമന്ത്രി.

   **Archbishop Mar George Koovakkad elevates as a cardinal of the Roman Catholic Church; it is a matter of immense pride for India says PM Narendra Modi.**

4. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ കമ്മീഷൻ ചെയർമാനും അംഗങ്ങളും ഇന്ന് കേരളത്തിലെത്തും.

   **The chairman and members of the 16th Finance Commission will reach Kerala today for a three day visit.**

5. സിറിയയിൽ ആഭ്യന്തര കലാപം രൂക്ഷമാകുന്നു. തലസ്ഥാനമായ ദമാസ്കസ് വളഞ്ഞ് വിമതർ.
**Situation worsens in Syria; Rebel forces encircles the capital Damascus.**

6. ഏഷ്യ കപ്പ് ജൂനിയർ വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.
**India will face Bangladesh in the Asia Cup Junior Women's Hockey today.**

*************************************************************

**HEADLINE-1**

## PM - BAPS

2047-ഓടെ വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിന് പിന്നിലെ ശക്തിയാകാൻ രാജ്യത്തെ പൗരന്മാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. അടുത്ത മാസം നടക്കുന്ന വികസിത് ഭാരത് യുവ നേതൃ സമ്മേളനത്തിൽ യുവാക്കൾക്ക് ആശയങ്ങൾ പങ്കുവെയ്ക്കാനുള്ള വേദിയൊരുക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. BAPS സന്നദ്ധ പ്രവർത്തക സംഘത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. അടുത്തിടെ അബുദാബിയിൽ നിർമ്മിച്ച BAPS ക്ഷേത്രം ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തെയും മാനുഷിക ധാർമ്മികതയെയും ലോകത്തിനു മുന്നിൽ തുറന്ന് കാട്ടിയതായും അദ്ദേഹം പറഞ്ഞു.

******************************

## PREZ-PANCHAYAT AWARDS

2022-23 വർഷത്തെ ദേശീയ പഞ്ചായത്ത് അവാർഡ് ബുധനാഴ്ച രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും. വിവിധ വിഭാഗങ്ങളിലായി 45 അവാർഡ് ജേതാക്കളെയാണ് തിരഞ്ഞെടുത്തത്. അവാർഡ് ലഭിച്ച പഞ്ചായത്തുകളിൽ 42 ശതമാനവും സ്ത്രീകൾ നേതൃത്വം നൽകുന്ന പഞ്ചായത്തുകളാണ്.

ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ രണ്ട് എണ്ണം കേരളം കരസ്ഥമാക്കി. ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്ത് ദേശീയ തലത്തിൽ രണ്ടാം സ്ഥാനം നേടി. പഞ്ചായത്തുകൾക്ക് പിന്തുണ നൽകുന്ന സ്ഥാപനങ്ങളിൽ കില ഒന്നാം സ്ഥാനം നേടി.

******************************

## HEADLINE-2
## RAJNATH - RUSSIA

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ മൂന്ന് ദിവസത്തെ റഷ്യൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. മോസ്കോയിൽ നടക്കുന്ന സൈനിക, സൈനിക സാങ്കേതിക സഹകരണത്തിനായുള്ള ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷന്റെ 21-ാമത് യോഗത്തിൽ റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലോസോവിനൊപ്പം അദ്ദേഹം സഹ അധ്യക്ഷനാകും. ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ മൾട്ടി-റോൾ സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഫ്രിഗേറ്റായ 'ഐഎൻഎസ് തുഷിൽ' നാളെ ശ്രീ രാജ്നാഥ്സിംഗ് കമ്മീഷൻ ചെയ്യും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയും അദ്ദേഹത്തെ അനുഗമിക്കും. റഷ്യയിലെ ഇന്ത്യൻ സമൂഹവുമായും രാജ്യരക്ഷാ മന്ത്രി സംവദിക്കും.

******************************

## HEADLINE-3
## GEORGE KOOVAKKAD-ARCHBISHOP

ചങ്ങനാശേരി സ്വദേശി ആർച്ച് ബിഷപ്പ് മാർ ജോർജ് കൂവക്കാട്ടിൽ റോമൻ കത്തോലിക്കാ സഭയുടെ കർദിനാളായി സ്ഥാനമേറ്റു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന സ്ഥാനാരോഹണ ചടങ്ങുകൾക്ക് ഫ്രാൻസിസ് മാർപ്പാപ്പ മുഖ്യ കാർമികത്വം വഹിച്ചു. കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ

നേതൃത്വത്തിലുള്ള ഏഴംഗ സംഘം കേന്ദ്രസർക്കാർ പ്രതിനിധികളായി ചടങ്ങിൽ പങ്കെടുത്തു. ഇന്ന് വൈകുന്നേരം സാന്താ അനസ് താസിയ സീറോ മലബാർ ബസിലിക്കയിൽ കർദിനാൾ ജോർജ് കൂവക്കാട്ടിലിന്റെ കാർമികതത്വത്തിൽ മലയാളത്തിൽ കുർബാന അർപ്പിക്കും.

******************************

**HEADLINE-3A**

## PM - ARCHBISHOP

ആർച്ച് ബിഷപ്പ് ജോർജ് കൂവക്കാട് കർദിനാളായി ഉയർത്തപ്പെട്ടത് ഇന്ത്യയ്ക്ക് അഭിമാനകരമായ വിഷയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചടങ്ങിന് സാക്ഷ്യം വഹിക്കാൻ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തെ സർക്കാർ അയച്ചതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

******************************

## RIJIJU-MoU (INTRO)

ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതിലൂടെ ന്യൂനപക്ഷങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളെയും സംരംഭകത്വത്തിലൂടെ ശാക്തീകരിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കുമെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു.

(വോയിസ്......)

******************************

## JAISHANKAR - MANAMA

മനാമ സംഭാഷണത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ ഇന്നലെ മാനമയിലെത്തി. ദോഹയിലെ സുപ്രധാന നയതന്ത്ര ഇടപെടലുകളെ തുടർന്നുള്ള അദ്ദേഹത്തിന്റെ സന്ദർശനം, പ്രാദേശികവും ആഗോളവുമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനുള്ള ഇന്ത്യയുടെ സജീവ സമീപനത്തെ അടിവരയിടുന്നു. ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും പ്രധാന മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത്തിനുമായുള്ള മന്ത്രിതല യോഗങ്ങളിൽ ശ്രീ ജയശങ്കർ പങ്കെടുക്കും.

******************************

## KERALA-ADALATH

കേരളത്തിൽ പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽസംഘടിപ്പിക്കുന്ന 'കരുതലും കൈത്താങ്ങും' താലൂക്ക്തല അദാലത്തുകൾ നാളെ മുതൽ ആരംഭിക്കും. സംസ്ഥാനത്തെ എല്ലാ താലൂക്കിലും മന്ത്രിമാർ നേരിട്ടെത്തി പരാതികൾ സ്വീകരിക്കും. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ നാളെ രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. karuthal.kerala.gov.in എന്ന വെബ്സൈറ്റ് വഴിയോ അക്ഷയ സെന്റർ വഴിയോ താലൂക്ക് ഓഫീസിലെ ഹെൽപ്പ് ഡെസ്ക് വഴിയോ പരാതികൾ സമർപ്പിക്കാം.

******************************

### HEADLINE-4

## FINANCE COMMISSION

പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയയും അംഗങ്ങളുമടങ്ങിയ സംഘം ഇന്ന് കേരളത്തിലെത്തും. ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്കുള്ള പഠന യാത്രകളുടെ ഭാഗമായാണ് സന്ദർശനം. ഉച്ചയ്ക്ക് കൊച്ചിയിലെത്തുന്ന സംഘത്തെ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന്റെ നേതൃത്വത്തിൽ സ്വീകരിക്കും. തുടർന്ന് സംഘം കുമരകത്തേയ്ക്ക് യാത്രതിരിക്കും. ചൊവ്വാഴ്ച കോവളത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സംഘത്തിന് സ്വീകരണം നൽകു. 2026 ഏപ്രിൽ ഒന്നുമുതലാണ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധന വിഹിതങ്ങൾ കേരളത്തിന് ലഭ്യമായി തുടങ്ങുക.

*******************************

## HEMA COMMISSION - NODAL OFFICER

ഹേമ കമ്മിറ്റിയിൽ മൊഴി നൽകിയവരുടെ സുരക്ഷയ്ക്കായി നോഡൽ ഓഫീസറെ നിയമിച്ചു. തീരദേശ സുരക്ഷാ സേന AIG, ജി. പൂങ്കുഴലി ഐഎഎസ് ആണ് പരാതിയിന്മേൽ ഉചിതമായ നടപടിയെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് റിപ്പോർട്ടു സമർപ്പിക്കേണ്ടത്.

*******************************

## WAVE - PB CHAIRMAN (INTRO)

കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും ഒരേപോലെ ആസ്വദിക്കാൻ കഴിയുന്ന ആരോഗ്യകരമായ വിനോദ പരിപാടികൾ ഉൾപ്പടെ അടുത്തിടെ പുറത്തിറക്കിയ വേവ് OTT പ്ലാറ്റ്ഫോമിൽ ലഭ്യമാണെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്ഗൽ. അഹമ്മദാബാദിലെ ദൂരദർശൻ സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ്.....)**

*******************************

**HEADLINE-6**

## DAY HOCKEY-ASIA CUP 2024

മസ്കറ്റിൽ നടക്കുന്ന ഏഷ്യ കപ്പ് ജൂനിയർ വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യയ്ക്കും ബംഗ്ലാദേശിനും പുറമെ പൂൾ എ യിൽ ചൈന, മലേഷ്യ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളാണുള്ളത്. ജ്യോതി സിംഗ് ആണ് ഇന്ത്യൻ ടീമിനെ നയിക്കുക. ഈ മാസം 15 നാണു ഫൈനൽ. ടൂർണമെന്റിലെ ആദ്യ അഞ്ച് സ്ഥാനത്തെത്തുന്ന ടീമുകൾ അടുത്ത വർഷം നടക്കുന്ന ലോകകപ്പിന് യോഗ്യത നേടും.

******************************

## CRICKET-IND VS AUS

ബോർഡർ-ഗവാസ്കർ ട്രോഫി രണ്ടാം ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഇന്നലെ കളി അവസാനിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 128 എന്ന നിലയിലാണ്. ഋഷഭ് പന്തും നിതീഷ് റെഡ്ഡിയുമാണ് ക്രീസിൽ. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് സ്കോർ ആയ 180 റൺസിന് മറുപടിയായി ഓസ്ട്രേലിയ 337SSS റൺസ് നേടിയിരുന്നു.

******************************

**HEADLINE-5**

## SYRIAN REBELS

സിറിയയിൽ ആഭ്യന്തര യുദ്ധം രൂക്ഷം. വിമതസഖ്യം സിറിയൻ തലസ്ഥാനമായ ദമാസ്കസിനെ വളയാനുള്ള നീക്കം ആരംഭിച്ചു. 2018 ന് ശേഷം സിറിയൻ തലസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണിത്. ദമാസ്ക്സ് വളയുന്നതിന്റെ അവസാന ഘട്ടത്തിലാണെന്ന് വിമതസഖ്യ വക്താവ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇസ്രായേൽ പ്രതിരോധ സേന ഗോളൻ കുന്നുകളിൽ സൈനിക സാന്നിധ്യം ശക്തിപ്പെടുത്തി.

അതേസമയം സിറിയൻ പ്രസിഡൻ്റ് രാജ്യം വിട്ടെന്ന വാർത്തകൾ പ്രസിഡൻറിന്റെ ഓഫീസ് നിഷേധിച്ചു.

******************************

## BSF- RAISING DAY

അതിർത്തി രക്ഷാ സേനയുടെ അറുപതാം സ്ഥാപക ദിനാഘോഷം ഇന്ന്. ജോധ്പൂരിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യാതിഥിയാകും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബിഎസ്എഫ് സൈനികർ പങ്കെടുക്കും. 7 സൈനികരെ ധീരതയ്ക്കുള്ള അവാർഡ് നൽകി ആദരിക്കും.

******************************

## MANDAVIYA- NAGALAND

കഴിഞ്ഞ ദശകത്തിൽ കായികരംഗത്ത് ഇന്ത്യ ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. നാഗാലാൻഡിലെ കൊഹിമയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പങ്കാളിത്തം എന്ന നിലയിൽ നിന്ന്, ഒളിമ്പിക്സ്, പാരാലിമ്പിക്സ്, അന്താരാഷ്ട്ര ടൂർണമെന്റുകൾ എന്നിങ്ങനെയുള്ള ആഗോള വേദിയിൽ മികച്ച പോരാളിയായി രാജ്യം ഉയർന്നുവെന്നും അദ്ദേഹം പറഞ്ഞു. വിനോദം മാത്രമല്ല, യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും ഇ-സ്പോർട്സിന്റെ സാധ്യതകൾ സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

*

***************

*******************************************